**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2115** **12-09-2023 - ൽ മറുപടിയ്ക്ക്**

**പൊന്നാനി മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി സ്റ്റേഡിയത്തിന്റെ പ്രവൃത്തി എത്രത്തോളമായെന്നും മഡ്സ് സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; | (എ) | 2021-22-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന മലപ്പുറം ജില്ലയിലെ മാറഞ്ചേരി മിനി സ്റ്റേഡിയം നവീകരണത്തിന് 2.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിച്ച് കൺവേർജ് സ്പോർട്സ് ഇൻഫ്രാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി 1.38 കോടി രൂപയ്ക്ക് 02.09.2022-ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു.<br><br>പ്രസ്തുത പ്രവൃത്തിയുടെ കരാർ നടപ്പിലാക്കിയ ശേഷം നാട്ടുകാരുടേയും പഞ്ചായത്തിന്റേയും അപേക്ഷ പരിഗണിച്ച് സിന്തറ്റിക് ഫുട്ബോൾ ടർഫ് ഒഴിവാക്കി മഡ് ഫുഡ്ബോൾ കോർട്ട് നിർമ്മിക്കുന്നതിനായുള്ള നിർദ്ദേശം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് ഒഴിവാക്കി മഡ് ഫുഡ്ബോൾ കോർട്ട് നിർമ്മിക്കുവാൻ തീരുമാനിച്ച കാര്യം കരാറുകാരനെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പ്രധാന ഘടകം തന്നെ മാറിയതിനാൽ പ്രവൃത്തി നടപ്പിലാക്കാൻ താൽപര്യമില്ലായെന്ന് 01.09.2023-ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ഷെഡ്യൂൾ പ്രകാരമുള്ള ഓപ്പൺ ജിം ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ആയത് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള അനുമതി നൽകണമെന്നും കരാറുകാരൻ അപേക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച തുടർ നടപടികൾ നടന്നു വരികയാണ്. |
| (ബി) | പൊന്നാനി മണ്ഡലത്തിൽ അക്വാട്ടിക് സ്റ്റേഡിയം പണിയുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ: പ്രസ്തുത പദ്ധതിക്ക് ഇനിയും കിഫ്ബിയുടെ റിവൈസ്ഡ് ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കേണ്ടതുണ്ടോയെന്നും വിശദീകരിക്കുമോ? | (ബി) | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 12.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായിരുന്ന കിറ്റ്കോ പദ്ധതിക്കായി ഡി.പി.ആർ തയ്യാറാക്കുകയും കിഫ്ബി അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിരുന്നു. |

ഡി.പി.ആർ പ്രകാരം ഇൻഡോർ സ്റ്റേഡിയം , സ്വിമ്മിംഗ് പൂൾ , കിഡ്സ് പൂൾ എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. ഈ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചപ്പോൾ പദ്ധതിയുടെ ഭരണാനുമതിയിൽ സ്വിമ്മിംഗ് പൂൾ എന്ന് മാത്രമാണ് പ്രതിപാദിച്ചിട്ടുള്ളതെന്നും ഇൻഡോർ അടക്കമുള്ള സൗകര്യങ്ങൾ ഉൾക്കൊള്ളിച്ച് കോംപ്ലക്സ് വികസിപ്പിക്കുന്നതിന് പുതുക്കിയ ഭരണാനുമതി അല്ലെങ്കിൽ ഭരണാനുമതിയിൽ തിരുത്ത് ആവശ്യമാണെന്നും കിഫ്ബിയിൽ നിന്നും ആവശ്യപ്പെട്ടു. തുടർന്ന് പദ്ധതിയുടെ പേര്'പൊന്നാനി നിളതീരം ഇൻഡോർ ആന്റ് അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്' എന്നാക്കി കൊണ്ടുള്ള പുതുക്കിയ ഉത്തരവ് നൽകിയിരുന്നു.

പദ്ധതി പ്രദേശം CRZ ക്ലിയറൻസ് പരിധിക്ക് കീഴിൽ വരുന്നതായി കണ്ടെത്തിയതിനാൽ ആയതിന്റെ ക്ലിയറൻസിന് വേണ്ട നടപടികൾ കൈക്കൊണ്ടശേഷം മാത്രമേ പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ സാധിക്കുമായിരുന്നുള്ളൂ. ഇതിന്റെയടിസ്ഥാനത്തിൽ കിഫ്ബിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി കിറ്റ്കോ മുഖേന CRZ ക്ലിയറൻസിനായി KCZMA-യെ സമീപിക്കുകയും പദ്ധതി പ്രദേശത്ത് ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ക്ലിയറൻസ് ലഭ്യമായിട്ടുള്ളതുമാണ്. തുടർന്ന് 22.02.2021 -ന് കിഫ്ബിയിൽ നിന്നും 14.094 കോടി രൂപയുടെ സാമ്പത്തികാനുമതി പദ്ധതിക്ക് ലഭ്യമായിരുന്നു. ഇത് പ്രകാരം പദ്ധതിയ്ക്ക് സാങ്കേതികാനുമതിയും നൽകി. 14.02 കോടി രൂപയ്ക്കുള്ള ഈ സാങ്കേതികാനുമതി ഡി.എസ്.ആർ 2016 പ്രകാരമുള്ളതായിരുന്നു. 17-ാമത് സാങ്കേതികാനുമതി കമ്മിറ്റി ആയത് ഡി.എസ്.ആർ 2018 പ്രകാരം 16.90 കോടി രൂപയ്ക്ക് പുതുക്കിയ സാങ്കേതികാനുമതി നൽകുകയും പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുകയുമുണ്ടായി. പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കിറ്റ്കോ തയ്യാറാക്കിയ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്ലാൻ പ്രകാരം പ്ലേ ഏരിയയ്ക്ക് പുറത്ത് ആവശ്യമുള്ള ഫ്രീ സ്പേയ്സ് ഇല്ലാതിരുന്നതിനാൽ ചെറിയ മാറ്റങ്ങൾ വരുത്തി പ്ലാൻ നവീകരിച്ച് കൂടുതൽ കുറ്റമറ്റതാക്കിയിട്ടുണ്ട്. ഇത് പ്രകാരം പദ്ധതിയുടെ സ്ട്രക്ചറൽ ഡിസൈൻ പ്രവൃത്തികൾ നടന്നു വരുന്നു. കിഫ്ബി അനുവദിച്ച പദ്ധതി തുകയ്ക്കുള്ളിൽ നിർത്തി പ്രവൃത്തികൾ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതിനാൽ കിഫ്ബിയുടെ റിവൈസ്ഡ് സാമ്പത്തികാനുമതി

| | | | |
|---|---|---|---|
| | | | ആവശ്യമായി വരില്ല. എന്നാൽ സാമ്പത്തികാനുമതി അനുവദിച്ച് ഒരു വർഷം അധികരിച്ചതിനാൽ ഫിനാൻഷ്യൽ റീവാലിഡേഷൻ ആവശ്യമാണ്. ആയതിനുള്ള നടപടി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ